# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 133 09/06/2014-ൽ മറുപടിയ്ക്ക്**

## ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ഫിഷറീസ് റോഡുകൾ

| ചോദ്യം<br>ശ്രീ. ജി. എസ്. ജയലാൽ: | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|---|
| (എ) | ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ ഫിഷറീസ് റോഡുകളിൽ നിർമ്മാണം ആരംഭിക്കാത്തതും പണി ആരംഭിച്ച് പൂർത്തീകരിക്കാത്തതുമായ എത്ര റോഡുകൾ ഉണ്ടെന്ന് അറിയിക്കുമോ; | (എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭ്യമായ ഫിഷറീസ് റോഡുകളിൽ നിർമ്മാണം ആരംഭിക്കാത്ത റോഡുകൾ - 1 എണ്ണം<br><br>പണി ആരംഭിച്ച് പൂർത്തീകരിക്കാത്ത റോഡുകൾ - 2 എണ്ണം |
| (ബി) | പ്രസ്തുത റോഡുകളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ; എത്രയും പെട്ടെന്ന് നിർമ്മാണം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) **<u>നിർമ്മാണം ആരംഭിക്കാത്ത പ്രവൃത്തികളുടെ വിശദാംശം.</u>**<br><br>ചീപ്പ് പാലത്തിന് സമീപമുള്ള കളരിമുക്ക് - ടി പ്രവൃത്തി ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**<u>പണി ആരംഭിച്ച് പൂർത്തീകരിക്കാത്ത റോഡുകളുടെ വിശദാംശം.</u>**<br><br>1. പടിപ്പുരമുക്ക് മുതൽ അഞ്ചലാപ്പീസ് മുക്ക് വലിയവേലിച്ചഴികം - കുരങ്ങിക്കുളം പോറ്റിക്കഴികം - കുരണ്ടിമുക്ക് - ടി പ്രവൃത്തിയുടെ കരാറുകാരൻ മരണപ്പെട്ടതിനാൽ ടിയാന്റെ നോമിനി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>2. പോറ്റിക്കഴികത്തുമൂല മുതൽ കുരങ്ങിക്കുളം വരെയുള്ള റോഡ് പ്രവൃത്തി പുരോഗമിച്ചുവരുന്നു. നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**